Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : **0471-2331513, 0471-2331136**

നം. സി.ബി(1)57966/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:17.01.2013

**സർക്കുലർ നമ്പർ: 3/2013**

വിഷയം:- സഹകരണ വകുപ്പ് – സഹകരണസംഘങ്ങൾ/ബാങ്കുകൾ നിക്ഷേപങ്ങൾക്കുംവായ്പകൾക്കും സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ അധികരിച്ച് പലിശ നൽകുന്നതും ഈടാക്കുന്നതും – സംബന്ധിച്ച്.

സൂചന:- 1) സഹകരണസംഘം രജിസ്ട്രാറുടെ 6.9.2010 ലെ 51/10 നമ്പർ സർക്കുലർ
2) സഹകരണസംഘം രജിസ്ട്രാറുടെ 13.11.2010 ലെ സിപി3/50164/10 നമ്പർ കത്ത്.

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പരിഷ്കരിച്ച് സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിവിധ വാണിജ്യ ബാങ്കുകളും പൊതുമേഖലാ ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും സർക്കാർ ട്രഷറിയും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകിവരുന്ന പലിശ നിരക്ക് അവലോകനം ചെയ്താണ് ഇപ്രകാരം നിരക്കുകൾ പരിഷ്കരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു വരുന്നത്.സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന നിരക്കിനേക്കാൾ അധികരിച്ചനിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ലായെന്നും അപ്രകാരം അധികരിച്ചനിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മേൽ നിർദ്ദേശങ്ങളോടൊപ്പം നൽകിയിരുന്നു.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ നിശ്ചിത നിരക്കിനെ അധികരിച്ച് നിക്ഷേപങ്ങൾക്ക് നൽകുന്നതായും വായ്പക്കാരനിൽ നിന്നും അധിക പലിശ ഈടാക്കുന്നതായും വ്യാപകമായ പരാതി ഉയർന്നതിനെ തുടർന്ന് ആയത് പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പു നൽകുകയും ഇപ്രകാരം നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയിട്ടുണ്ടെങ്കിൽ ടി സംഘത്തിന്റെ/ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കേണ്ടതാണെന്നും വായ്പക്ക് അധിക പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ടി തുക പലിശ വരവുകണക്കിൽ നിന്നും കുറവു ചെയ്ത് അനാമത്ത് ബാധ്യതാകണക്കിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വായ്പക്കാരന് നൽകണമെന്നും സൂചന 1 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു.

ടി നിർദ്ദേശങ്ങൾ പാലിക്കാതെ സംസ്ഥാനത്തെ പല സഹകരണ സംഘങ്ങളും നിക്ഷേപങ്ങൾക്ക് അധിക പലിശ ഈടാക്കുന്നതായും വീണ്ടും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും (വായ്പ/വായ്പേതര/പലവകസംഘങ്ങൾ)ഉൾപ്പെടെ സ്വീകരിക്കുന്ന നിക്ഷേപത്തിനും നൽകുന്ന വായ്പകൾക്കും നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികരിക്കുന്നില്ലെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാരും യൂണിറ്റ് ഇൻസ്പെക്ടർമാരും എല്ലാ സഹകരണ സംഘങ്ങളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും ഏതെങ്കിലും സംഘം, ടി നിരക്കിൽ അധികരിച്ച് പലിശ നൽകുകയോ ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടി വിവരം സഹകരണസംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യണമെന്നും അത്തരം സംഘങ്ങൾക്ക് നിക്ഷേപം വാങ്ങുന്നതിനും വായ്പ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവു നൽകേണ്ടതും വായ്പകൾക്ക് അധികമായി വാങ്ങിയ പലിശ തുക തിരികെ നൽകുവാനും നിക്ഷേപകർക്ക് അധികമായി നൽകിയ തുക ഉത്തരവാദികളായവ

രിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കമെന്നും സൂചന 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിക്ഷേപങ്ങൾക്കും വായ്പകൾക്കും സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ അധിക പലിശ ചുമത്തുന്നു എന്ന് ഇപ്പോഴും വ്യാപകമായി പരാതികൾ ലഭിക്കുന്നുണ്ട്. സഹകരണസംഘം രജിസ്ട്രാർ ഇക്കാര്യത്തിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗ സ്ഥർ ശിക്ഷണ നടപടികൾക്ക് വിധേയരാകേണ്ടി വന്നിട്ടുള്ള കാര്യം വിസ്മരിക്കപ്പെട്ട താകാം. യൂണിറ്റ് ഇൻസ്പെക്ടർമാർ/ആഡിറ്റർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ/ജോയിന്റ് രജി സ്ട്രാർമാർ ആകസ്മിക/ വിശദ പരിശോധനകൾ നടത്തുമ്പോഴും പ്രതിമാസ അവലോ കനവേളയിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്താത്തത് എന്ന് അനുമാനിക്കുന്നു.

ആയതിനാൽ മേൽ നിർദ്ദേശങ്ങൾ വീണ്ടും ശ്രദ്ധയിൽപ്പെടുത്തുന്നതോ ടൊപ്പം ടി നിർദ്ദേശ പ്രകാരമുള്ള പരിശോധനകൾ ത്വരിതപ്പെടുത്തി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് എല്ലാ ജോയിന്റ് രജി സ്ട്രാർമാരും ഉറപ്പു വരുത്തേണ്ടതാണ്.

ഒപ്പ്,
വി. സനൽ കുമാർ ഐ.എ.എസ്
**സഹകരണസംഘം രജിസ്ട്രാർ**